**POLICE** **DEPARTMENT**

**KERALA**

**No. E2-22215/2014/ID**

ജില്ലാ പോലീസ് ഓഫീസ്,

ഇടുക്കി

spidk.pol@kerala.gov.in

04862232354

തീയതി. 10-07-2016

ദർഘാസ്/ലേലപ്പരസ്യം

ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും ഇടുക്കി മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമായ ചുവടെ ചേർത്തിട്ടുള്ള പോലീസ് ഡിപ്പാർട്മെൻറ് വക വാഹനങ്ങൾ **2016 സെപ്റ്റംബർ മാസം 8-**ആം തീയതി രാവിലെ 11 മണിയ്ക്ക് ഇടുക്കി പൈനാവിലുള്ള ഇടുക്കി ജില്ലാ പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസിൽ വച്ച് പരസ്യമായി ലേലം/ദർഘാസ് മുഖേന വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | വാഹനത്തിൻറെ പേര് | റജിസ്റ്റർ നമ്പർ | മോഡൽ | നിരത ദ്രവ്യം |
|---|---|---|---|---|
| 1 | ടാറ്റ സുമോ | KL 01 AX 4522 | 2010 | 7500 |
| 2 | ബോലെറോ ഇൻവൈഡർ | KL 01 AS 6218 | 2008 | 6000 |
| 3 | ബജാജ് സി ടി 100 എം/സി | KL 01 AH 2343 | 2005 | 600 |
| 4 | ബജാജ് സി ടി 100 എം/സി | KL 01 AH 2365 | 2005 | 600 |
| 5 | ബജാജ് സി ടി 100 എം/സി | KL 01 AH 2334 | 2005 | 550 |
| 6 | ബജാജ് സി ടി 100 എം/സി | KL 01 AH 2330 | 2005 | 600 |
| 7 | ബജാജ് സി ടി 100 എം/സി | KL 01 AH 2351 | 2005 | 600 |
| 8 | ബജാജ് സി ടി 100 എം/സി | KL 01 AH 2366 | 2005 | 600 |
| 9 | ഹീറോ ഹോണ്ട എം/സി | KL 01 X 9794 | 2002 | 750 |
| 10 | ഹീറോ ഹോണ്ട എം/സി | KL 01 X 9795 | 2002 | 750 |
| 11 | ഹീറോ ഹോണ്ട എം/സി | KL 01 X 9792 | 2002 | 750 |
| 12 | ഹീറോ ഹോണ്ട എം/സി | KL 01 X 9793 | 2002 | 750 |
| 13 | ഹീറോ ഹോണ്ട എം/സി | KL 01 X 9791 | 2002 | 750 |
| 14 | ഹീറോ ഹോണ്ട എം/സി | KL 01 X 9796 | 2002 | 750 |
| 15 | മഹീന്ദ്ര ജീപ്പ് | KL 01 X 9319 | 2002 | 16000 |
| 16 | മഹീന്ദ്ര ജീപ്പ് | KL 01 X 9326 | 2002 | 12000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് നിശ്ചയിക്കപ്പെട്ടിട്ടുള്ള നിരതദ്രവ്യം അടച്ച രസീത് വാങ്ങേണ്ടതുമാണ്.ലേല നടപടി പൂർത്തിയായാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരത ദ്രവ്യം തിരിച്ചുനൽകുന്നതുമാണ്.കൂടാതെ ടി വാഹനങ്ങളുടെ വിൽപ്പനക്ക് ദർഘാസുകൾ സ്വീകരിക്കുന്നതുമാണ്.സീൽ ചെയ്ത കവറിൽ ദര്ഘാസുകൾ നേരിട്ടോ തപാൽ മാർഗമോ ജില്ല പോലീസ് മേധാവിക്ക് 07/09/2016 തീയതി വൈകുന്നേരം 5 മണിക്ക് മുൻപ് സമർപ്പിക്കാവുന്നതാണ്.ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ഇടുക്കി ജില്ല പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഇടുക്കി ശാഖയിൽനിന്നും മാറാവുന്നതുമായ നിശ്ചിത നിരത ദ്രവ്യത്തിനുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം

ചെയേണ്ടതുമാണ്,നിശ്ചിത നിരത ദ്രവ്യം ഇല്ലാത്ത ദര്ഘാസുകൾ നിരസിക്കുന്നതാണ്.കവറിനു മുകളിൽ "വാഹന ലേലത്തിനുള്ള ദർഘാസ്" എന്നും വാഹന നമ്പറും വ്യക്തമായി എഴുതിയിരിക്കണം.ഓരോ വാഹനത്തിനുമുള്ള ദർഘാസ് പ്രത്യേകം കവറിൽ അയക്കേണ്ടതാണ് .ദർഘാസ് നല്കിയിട്ടുള്ളവർ ലേല സ്ഥലത്തു നിർധിഷ്ട സമയത്ത് ഹാജരാകേണ്ടതാണ്.

പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ എതിലാണ് കൂടുതൽ തുക കാണുന്നത് ആ തുകയ്ക്ക് വിൽപ്പന താൽകാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്.ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ നിയമാനുസൃതമുള്ള വിൽപ്പന നികുതിയടക്കമുള്ള ലേല ദർഘാസ് തുകയുടെ പകുതി ലേല സ്ഥലത്തുവച്ച് അടക്കേണ്ടതും ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി പത്തു ദിവസത്തിനകം ബാക്കി തുകയും അടച്ച വാഹനം സ്വന്തം ചിലവിൽ കൊണ്ടുപോകേണ്ടതാണ്.

ലേലം കൊണ്ടയാൾ മേൽപ്പറഞ്ഞ നിബന്ധനങ്ങൾ ലഘിച്ചാൽ അയാൾ അടച്ച നിരത ദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും വാഹനം പുനർലേലം ചെയുന്നതുമാണ്.പുനർ ലേലത്തിൽ സർക്കാരിന് നഷ്ടമുണ്ടായൽ ആയതിനു ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദി ആയിരിക്കുന്നതുമാണ്.നഷ്ടപ്പെട്ട തുക ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്.എന്നാൽ പുനർ ലേലത്തിൽ കൂടുതൽ തുകയ്ക്ക് ലേലം ഉറപ്പിക്കുകയാണെങ്കിൽ കൂടുതൽ കിട്ടുന്ന തുകയ്ക്ക് ടിയാന് അർഹതയില്ലാത്തതുമാണ്.വാഹനങ്ങൾ ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകീട്ട് 5 മണിക്കും ഇടക്ക് ഇടുക്കി ജില്ല പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസിൽ വച്ച് ബന്ധപ്പെട്ട ഓഫീസറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.യാതൊരു കാരണവും കാണിക്കാതെ ലേലം/ദർഘാസ് നടപടികൾ നിർത്തിവയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം ജില്ല പോലീസ് മേധാവിക്ക് ഉണ്ടായിരിക്കും.ലേലം സംബന്ധിച്ച ( ലേല സമയത്തും അതിനു ശേഷവും ) ഇടുക്കി ജില്ല പോലീസ് മേധാവി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും .

എ വി ജോർജ് ഐ പി എസ്
ജില്ലാ പോലീസ് മേധാവി

പകർപ്പ് : 1)സംസ്ഥാനത്തെ എല്ലാ ജില്ല പോലീസ് മേധാവികൾക്കും ,കമ്മീഷണർമാർക്കും ,ബറ്റാലിയൻ കമാൻഡൻറ്മാർക്കും വിപുലമായ പരസ്യത്തിന് വേണ്ടി .(2)ഇടുക്കി ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും വിപുലമായ പരസ്യത്തിന് വേണ്ടി.(3)റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ഇടുക്കി. (4)അസിസ്റ്റൻറ് കമാൻഡൻറ് എ ആർ ഇടുക്കി.(5)എം ടി ഓ എ ആർ ഇടുക്കി. (6) നോട്ടീസ് ബോർഡ്